# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 374 — 23.01.2018 — ൽ മറുപടിക്ക്

## റേഷൻകാർഡുകൾ

**ചോദ്യം**

**ശ്രീ. പി.കെ. ശശി :**

(എ) സർക്കാർ കണക്കനുസരിച്ച് സംസ്ഥാനത്ത് മൊത്തം എത്ര റേഷൻ കാർഡുകളുണ്ട്; എ.പി.എൽ, ബി.പി.എൽ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ തെറ്റായ വിവരം നൽകി ബി.പി.എൽ കാർഡ് സമ്പാദിച്ചവർ എത്ര; ഇപ്രകാരം കാർഡ് സമ്പാദിച്ചവരിൽ സർക്കാർ ജീവനക്കാർ, പെൻഷൻകാർ, നാലുചക്ര വാഹന ഉടമകൾ, 1000ച.അടി വിസ്തീർണ്ണമുള്ള വീടുകളുള്ളവർ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) തെറ്റായ വിവരം നൽകി ബി.പി.എൽ കാർഡ് കൈവശം വച്ച എത്ര റേഷൻകാർഡുകൾ സർക്കാരിന്റെ കർശന നിലപാട് മൂലം തിരികെ നൽകി ആയത് എ.പി.എൽ ആക്കി; ഈ ഇനത്തിൽ സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ എണ്ണം തരംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇപ്പോഴും സർക്കാർ നിർദ്ദേശങ്ങൾ അംഗീകരിക്കാതെ മുൻഗണനാ പട്ടികയിലുള്ള റേഷൻ കാർഡുകൾ കൈവശം വച്ചിട്ടുള്ള എത്രപേരുണ്ട് എന്നും എങ്കിൽ ഇവരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കാനും റേഷൻകാർഡ് വിതരണവും ഉപയോഗവും കുറ്റമറ്റതാക്കാനും എന്ത് നടപടികൾ അടിയന്തരമായി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)**

(എ) നിലവിൽ 80,18,030 റേഷൻ കാർഡുകളാണ് സംസ്ഥാനത്തുള്ളത്. താഴെ കാണുംവിധം 4 തരം റേഷൻ കാർഡുകളാണ് നിലവിലുള്ളത്.

| | | |
|---|---|---|
| എ.എ.വൈ. കാർഡ് | - | 5,95,800 |
| മുൻഗണനാ കാർഡ് | - | 29,06,709 |
| മുൻഗണനേതര (സബ്സിഡി) | - | 29,35,436 |
| മുൻഗണനേതരം(നോൺസബ്സിഡി) | - | 15,80,085 |
| ആകെ | - | 80,18,030 |

(ബി) യും (സി) യും (ഡി) യും അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. ഇതേവരെ രണ്ടു ലക്ഷത്തി അറുപത്തി രണ്ടായിരത്തോളം കാർഡുടമകൾ അനർഹമായി ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തുകയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുവരേണ്ടവരുടെ അപേക്ഷകൾ പരിശോധിച്ച് റേഷൻകടകൾ വഴി അദാലത്ത് നടത്തി പട്ടിക തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നു വരുന്നു. നിലവിൽ 91169 സർക്കാർ ജീവനക്കാരുടെ റേഷൻകാർഡുകൾ അനർഹമാണെന്ന് കണ്ടെത്തി മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

*സെക്ഷൻ ഓഫീസർ*